**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1469** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഉച്ചഭക്ഷണ പദ്ധതിക്കുള്ള തുക വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യവസ്തുക്കളുടെയും പാചകവാതകത്തിന്റെയും വിലവർധനവിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിക്ക് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉച്ചഭക്ഷണ പദ്ധതിയുടെ ഫുഡ് ബാസ്ക്കറ്റിൽ ഉൾപ്പെടുന്ന ചില ഭക്ഷ്യവസ്തുക്കളുടെ വിലയിൽ വന്നിട്ടുള്ള വർദ്ധനവ് കണക്കിലെടുക്കുമ്പോൾ നിലവിൽ അനുവദിക്കുന്ന തുക അപര്യാപ്തമാണെന്ന് കാണുന്നുണ്ട്. പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്ക് അനുവദിക്കുന്ന തുക (മെറ്റീരിയൽ കോസ്റ്റ്) പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത തുക ഏറ്റവും ഒടുവിൽ വർദ്ധിപ്പിച്ചത് എന്നാണ്; നിലവിൽ ഓരോ കുട്ടിക്കും അനുവദിക്കുന്ന തുക എത്ര വീതമാണെന്നും ഇത് എത്ര രൂപയായി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ; | (ബി) | തുക ഏറ്റവും ഒടുവിൽ വർദ്ധിപ്പിച്ചത് 2016 സെപ്റ്റംബറിലാണ്. ചുവടെ പരാമർശിക്കുന്ന മൂന്ന് വ്യത്യസ്ത സ്ലാബുകളിലായാണ് തുക അനുവദിക്കുന്നത്.<br><br>സ്ളാബ് I - 150 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 8 രൂപ<br><br>സ്ളാബ് II - 151 മുതൽ 500 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 7 രൂപ<br><br>സ്ളാബ് III - 500 ന് മുകളിൽ - കുട്ടിയൊന്നിന് പ്രതിദിനം 6 രൂപ<br><br>പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്ക് അനുവദിക്കുന്ന തുക (മെറ്റീരിയൽ കോസ്റ്റ്) പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | പി.ടി.എ. യുടെ സഹകരണത്തോടെ സ്കൂളുകളിൽ ഉച്ചഭക്ഷണം നടത്തുന്നതിന് നിലവിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഇല്ല. പി.ടി.എ പ്രസിഡന്റ് ചെയർമാനും പ്രഥമാദ്ധ്യാപകൻ/പ്രഥമാദ്ധ്യാപിക കൺവീനറുമായ സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റിക്കാണ് സ്കൂൾ തലത്തിൽ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പ് ചുമതല നൽകിയിട്ടുള്ളത്. പി.ടി.എ, എസ്.എം.സി, എം.പി.ടി.എ എന്നിവയുമായി സഹകരിച്ചു |

| | | | |
|---|---|---|---|
| | | | കൊണ്ടാണ് സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റി അതിന്റെ ചുമതലകൾ നിർവഹിക്കേണ്ടത്. |
| (ഡി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് അനുവദിച്ച തുക അദ്ധ്യാപകർക്ക് സമയബന്ധിതമായി മാറി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കുള്ള 2023-24 വർഷത്തെ ആദ്യ ഗഡു കേന്ദ്രവിഹിതം ഇതുവരെ ലഭ്യമായിട്ടില്ല. കേന്ദ്ര വിഹിതം ലഭ്യമായാൽ ആനുപാതിക സംസ്ഥാന വിഹിതവും ചേർത്ത് സ്കൂളുകൾക്ക് അർഹതപ്പെട്ട തുക വിതരണം ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ